**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **320** **10.05.2017-** ൽ മറുപടിയ്ക്ക്

**സ്നേഹപൂർവ്വം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.സി.കൃഷ്ണൻ<br>പ്രൊ.കെ.യു.അരുണൻ<br>ശ്രീ.സി.കെ.ഹരീന്ദ്രൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു.ആരോഗ്യവും<br>സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അനാഥരായ കുട്ടികൾക്കായി 'സ്നേഹപൂർവ്വം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരമുള്ള കുട്ടികൾക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ഒരാൾ മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ ഇത്തരം കുട്ടികളെ സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുള്ള പ്രതിമാസ ധനസഹായ പദ്ധതിയാണിത്.<br>നഗര പ്രദേശങ്ങളിൽ 27,375/- രൂപയും ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപയും വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി/പ്രൊഫഷണൽ ക്ലാസ്സുകൾ വരെ പഠിക്കുന്ന |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിയ്ക്കുന്നു.<br>1 മുതൽ 5-ാം ക്ലാസ്സുവരെ - 300/- രൂപ<br>6 മുതൽ 10-ാം ക്ലാസ്സുവരെ - 500/- രൂപ<br>+1, +2 ക്ലാസ്സുകളിൽ - 750/-രൂപ<br>ഡിഗ്രി/പ്രൊഫ. കോഴ്സുകൾക്ക് - 1000/-രൂപ<br>ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ച് ഓരോ അദ്ധ്യയന വർഷത്തിലും വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നു. 5 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നേരിട്ട് അപേക്ഷ നൽകാവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ; | (സി) | കേരള സാമൂഹ്യ സുരക്ഷാമിഷൻ. |
| (ഡി) | പദ്ധതി കാര്യക്ഷമമായി നടപ്പാക്കാനും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധികമായി വേണ്ടിവരുന്ന തുക കണ്ടെത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വിഹിതത്തിൽ നിന്നുമാണ്. |

സെക്ഷൻ ഓഫീസർ